LIBRARY ARCHIVES Kerala Legislative Assembly

സ്രോതസ്സുകളിൽ നിന്ന് വാങ്ങേണ്ടുന്ന വൈദ്യുതിയുടെ അളവ്, അവയുടെ നിരക്ക് എന്നിവ പ്രതിപാദിക്കാറുണ്ട്. ഇപ്രകാരം 2020-21 വർഷത്തേയ്ക്ക് കമ്മീഷൻ അംഗീകരിച്ച കണക്കും സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകതയിലുള്ള വ്യതിയാനം കാരണം ഓരോ സ്രോതസ്സിൽനിന്നും എടുക്കേണ്ടി വന്ന വൈദ്യുതിയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു*.

വല്ലപ്പുഴ പഞ്ചായത്തിലെ ശ്രുക്ഷമായ വൈദ്യുതി ക്ഷാമം

265 (650) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വല്ലപ്പുഴ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ ശ്രുക്ഷമായ വൈദ്യുതി ക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് അടിയന്തരമായി പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

വൈദ്യുതി പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസരണ മേഖലയിൽ വല്ലപ്പുഴ പഞ്ചായത്തിൽ വൈദ്യുതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി പുതിയ ഒരു 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം പരിഗണനയിലുണ്ട്. ടി പ്രൊപ്പോസൽ RDSS (Revamped Distribution Sector Scheme)-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കി, സാങ്കേതിക പഠനം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചു. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, സ്ഥലലഭ്യത പരിഗണിച്ച് സബ്സ്റ്റേഷൻ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നു.

നെയ്യാറ്റിൻകര ഉച്ചക്കട മേഖലയിലെ വോൾട്ടേജ് ക്ഷാമം

266 (651) ശ്രീ. കെ ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കുളത്തൂർ പഞ്ചായത്തിലെ ഉച്ചക്കട മേഖലയിൽ വൻതോതിൽ ഉണ്ടാകുന്ന വോൾട്ടേജ് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി 33 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.